**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2321** **01-09-2022 - ൽ മറുപടിയ്ക്ക്**

**വാഴൂരിൽ എക്സൈസ് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഒരു പുതിയ എക്സൈസ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | ജനസംഖ്യ, കുറ്റകൃത്യങ്ങളുടെ എണ്ണം, അവയുടെ സ്വഭാവം, ആ പ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എസ്.സി/എസ്.ടി കോളനികൾ, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, വിമുക്തി ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ കണക്കിലെടുത്താണ് പുതിയ എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളായി കണക്കാക്കുന്നത്. |
| (ബി) | കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ മണിമല, വെള്ളാവൂർ, പള്ളിക്കത്തോട്, വാഴൂർ, കങ്ങഴ, നെടുങ്കുന്നം, കറുകച്ചാൽ എന്നീ പഞ്ചായത്തുകൾ പ്രവർത്തനപരിധിയിൽ ഉൾപ്പെടുത്തി വാഴൂർ മിനി സിവിൽ സ്റ്റേഷനിൽ ഒരു എക്സൈസ് ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കാമോ? | (ബി) | കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ മണിമല, വെള്ളാവൂർ, പള്ളിക്കത്തോട്, വാഴൂർ, കങ്ങഴ, നെടുങ്കുന്നം, കറുകച്ചാൽ എന്നീ പഞ്ചായത്തുകൾ പ്രവർത്തനപരിധിയിൽ ഉൾപ്പെടുത്തി വാഴൂർ മിനി സിവിൽ സ്റ്റേഷനിൽ ഒരു എക്സൈസ് ഓഫീസ് രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല. എന്നാൽ നിലവിലുള്ള ചങ്ങനാശ്ശേരി എക്സൈസ് റെയിഞ്ചിനെ രണ്ടായി വിഭജിച്ച് വെള്ളാവൂർ, വാഴൂർ, വാകത്താനം, നെടുംകുന്നം, കങ്ങഴ, കറുകച്ചാൽ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന രീതിയിൽ നെടുംകുന്നം എന്ന പേരിൽ പുതുതായി എക്സൈസ് റേഞ്ച് ഓഫീസ് ഒന്നാം ഘട്ടമായി രൂപീകരിക്കുന്നത് ഉൾപ്പെടെ അധികാര അതിർത്തി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ മൂന്നു ഘട്ടങ്ങളിലായി രൂപീകരിക്കുന്നതിനായുള്ള എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ വിശദമായി പരിശോധിക്കുകയും, എക്സൈസ് വകുപ്പിന് കീഴിൽ നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളെ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന പ്രൊപോസൽ പരിഗണിക്കാൻ സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ല എന്നും, എക്സൈസ് കമ്മീഷണറുടെ ശുപാർശയിൽ ഒന്നാം ഘട്ടമായി |

| | | | |
|---|---|---|---|
| | | | പരിഗണിക്കേണ്ടുന്ന പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം 2023-2024 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്നും ആയതിനായി അടുത്ത സാമ്പത്തിക വർഷത്തിൽ വിശദമായി ശുപാർശ സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ